## ലൂക്കാ 17, 11-19 ദൈവത്തിന് നന്ദിപറയാം...

ചെരുപ്പുവാങ്ങാൻ പണമില്ലാത്ത ഒരു മനുഷ്യൻ പള്ളിയിൽ വന്ന് ദൈവത്തോട് പരിഭവം പറഞ്ഞു. നല്ല ര് ചെരുപ്പുവാങ്ങാൻ എന്നെ സഹായിക്കണമെയെന്ന് അവൻ പ്രാർത്ഥിച്ചു. അതിനുശേഷം അവൻ പള്ളിയിൽ നിന്നിറങ്ങിചെന്നപ്പോൾ രുകാലുകളുമില്ലാത്ത ഒരുമനുഷ്യൻ സഹായത്തിനായി അവന്റെ മുമ്പിൽ കൈ നീട്ടി. അവൻ പള്ളിയിലേക്ക് തിരിച്ച് കയറിയിട്ട് ദൈവത്തോട് പറഞ്ഞു ദൈവമേ എനിക്ക് ചെരുപ്പില്ലങ്കിലെന്ത് നീ എനിക്ക് ര് കാലുകളും തന്നല്ലോ.. നിനക്ക് നന്ദി. ര് കാലുള്ളവൻ കാലില്ലാത്തവനെ കാണുമ്പോൾ ദൈവത്തെ സ്തുതിക്കണം, ഒന്നുള്ളവൻ ഒന്നുമില്ലാത്തവനെ കാണുമ്പോൾ ദൈവത്തിന് നന്ദിപറയണം. നല്ല വീടില്ലാത്തവൻ ഭവനമില്ലാത്തവനെക്കാണുമ്പോൾ ദൈവത്തെ ഓർക്കണം.... ഇങ്ങനെ എത്ര അവസരങ്ങൾ നമ്മെ കടന്നുപോകുന്നു.

നമ്മുടെ ജീവിതം ഒത്തിരിയേറെ കടപ്പാടുകളുള്ള ജീവിതങ്ങളാണ്. പിറക്കാനനുവദിച്ച ദൈവം മുതൽ ആറടി മണ്ണിലേക്ക് നമ്മെ എടുത്തുവയ്ക്കുന്ന കരങ്ങളോട് വരെ നാം കടപ്പെട്ടിരിക്കുന്നു. മനുഷ്യജീവിതം ഒരു കൃതജ്ഞതാ ബലിയാകേതാണ്. ദൈവത്തിന്റെ അനന്ത പരിപാലനയും കൂടെനിൽക്കുന്നവരുടെ പിന്തുണയുമാണ് മനുഷ്യനെ നേരെനിർത്തുന്നത്. അതുകൊാണ് എല്ലാകാര്യങ്ങളിലും നന്ദി പ്രകാശിപ്പിക്കുവിൻ (1 തെസ, 5,18) എന്ന് പൗലോസ് ശ്ലീഹാ പറയുന്നത്. പക്ഷെ ഇന്നത്തെ സുവിശേഷത്തിൽ കാണുന്നതുപോലെ പലപ്പോഴും നാം കാത്തുരക്ഷിക്കുന്നവനെയും കൂടെനിന്നവരെയുമൊക്കെ മറുക്കുന്നു. ജീവൻ പണയം വച്ച് അമ്മക്കിളി തന്റെ കുഞ്ഞിനെ പറക്കാൻ പഠിപ്പിക്കും. നീ പരിശ്രമങ്ങൾക്കൊടുവിൽ തന്റെ കുഞ്ഞ് ആകാശങ്ങളിലേക്ക് പറന്നുയരുന്നതുകാണുമ്പോൾ അമ്മക്കിളി ഒത്തിരിസന്തോഷിക്കും. പക്ഷെ എത്രപറന്നകന്നാലും, എത്രവർന്നാലും അവൻ തന്റെ കൂടും വീടും വേപ്പെട്ടവരെയും തേടി വീും വരും. ഭൂമിയിൽ പ്രതിന്ദികാണിക്കാത്ത ഒരു ജീവിയേയുള്ളൂ... അത് സൃഷ്ടിയുടെ മകുടമായ മനുഷ്യനാണെന്ന് പറഞ്ഞാൽ അധികപ്പറ്റാകില്ല എന്ന് വിശ്വസിക്കട്ടെ. അതുകൊാണ് ദൈവം പറഞ്ഞത് ഞാൻ മക്കളെ പോറ്റിവളർത്തി. എന്നാൽ അവർ എന്നോട് കലഹിച്ചു. കാളതന്റെ ഉടമസ്ഥനെ അറിയുന്നു.കഴുത തന്റെ യജമാനനെയും. എന്നാൽ എന്റെ ജനം എന്നെ അറിയുന്നില്ല. (ഏശയ്യാ, 1, 2-3) നന്ദികേടുകാട്ടിയ തിരഞ്ഞെടുക്കപ്പെട്ട ജനമായ ഇസ്രായേലിനെ നോക്കി ദൈവം വിലപിക്കുന്നതാണിത്.

കുഷ്ഠം ബാധിച്ചവരെല്ലാം സമൂഹത്തിൽ നിന്നും മാറ്റപ്പെട്ടവരായിരുന്നു. പ്രാന്തപ്രദേശങ്ങളിൽ ഒറ്റപ്പെട്ട് കഴിഞ്ഞിരുന്നവർ. അവർക്കിടയിൽ ജാതിയോ മതമോ ഇല്ലായിരുന്നു. അവരുടെ ഇടയിലേക്ക് ഈശോ ഇറങ്ങിച്ചെന്ന് അവരെ സൗഖ്യപ്പെടുത്തുന്നു. ജീവിതത്തിന്റെ രോഗത്തിൽ നിന്ന്, അവഹേളനങ്ങളിൽ നിന്ന്, വേദനകളിൽ നിന്ന്, നീറുന്ന നൊമ്പോരങ്ങളിൽ നിന്നെല്ലാം അവൻ അവരെ രക്ഷിച്ചു. എന്നിട്ടും ഒരു വിജാതീയൻ മാത്രം അവനെ വീുമോർത്തു. കാരുണ്യത്തിന് വേി കേണു. കരുണാമയൻ കരുണവർഷിച്ചു, പക്ഷെ കരുണക്ക് നന്ദി പറഞ്ഞില്ല. വിശ്വാസമെന്നതിന്റെ ഭാഗമാണ് നന്ദിപ്രകടനം. എന്റെ ആത്മാവെ കർത്താവിനെ വാഴ്ത്തുക അവിടുത്ത അനുഗ്രഹങ്ങൾ മറക്കരുത് (സങ്കീ , 103, 2) എന്ന വചനം മറക്കാതിരിക്കാം.

കുഷ്ഠരോഗം അവർക്ക് ലഭിച്ച അന്യായമാണെന്നും രോഗസൗഖ്യം തങ്ങളുടെ അവകാശമാണെന്നും അവർ വിശ്വസിച്ചു. ഇത് അഹങ്കാരമാണ്. ഞാനും നിങ്ങളും വ്യത്യസ്തരല്ല ഇക്കാര്യത്തിൽ. കാര്യം നടക്കാൻ കൂടുകണക്കിന് മെഴുകുതിരി, കണക്കില്ലാത്ത കുർബാനകൾ, എണ്ണമില്ലാത്ത നൊവേനകൾ, അഖണ്ഡ ജപമാലകൾ, വഴിപാടുകൾ, തീർത്ഥാടനങ്ങൾ.... എന്തെല്ലാം വികൃതികൾ. എല്ലാം കഴിയുമ്പോൾ ദൈവത്തിന് ഒരു സല്യൂട്ട് മാത്രം.... ഇത് വിശ്വസമല്ല സ്വാർത്ഥതയാണ്. പക്ഷെ വചനം പറയുന്നു... കൃതജ്ഞതയായിരിക്കട്ടെ നീ ദൈവത്തിനർപ്പിക്കുന്ന ബലി (സങ്കീ, 50,14).

അപ്പം വർദ്ധിപ്പിക്കുമ്പോഴും, വി. കുർബാന സ്ഥാപിക്കുമ്പോഴം, ലാസറിനെ ഉയിർപ്പിക്കുമ്പോളും ഈശോ പിതാവായ ദൈവത്തിന് നന്ദിപറയുന്നു്. സ്തോത്രഗീതമാലപിക്കുന്ന മറിയവും, കീർത്തനം പാടുന്ന ഹന്നയും, എല്ലാമറന്ന് ദൈവതിരുമുമ്പിൽ നഗ്നമായി നൃത്തം ചെയ്യുന്ന ദാവീതുമെല്ലാം ദൈവത്തിന് നന്ദിയർപ്പിക്കുന്ന വി. ഗ്രന്ഥ കഥാപാത്രങ്ങളാണ്. ഇവരെല്ലാം ദൈവം അനുഗ്രഹിച്ചവരാണ്. അതായത് ദൈവത്തിന് കൃതജ്ഞതാബലിയർപ്പിക്കുന്നവരെ ദൈവം അനുഗ്രഹിക്കുന്നു എന്നർത്ഥം. അതുകൊ് ഇല്ലായ്മകളെ ഓർത്ത് പരിഭവപ്പെടാതെ ഉള്ളതിനെയോർത്ത് ദൈവത്തിന് നന്ദിപറയാം...

- **വിശ്വാസജീവിതത്തിന്റെ ഭാഗമാണ് നന്ദിപ്രകടനം.**
- **ഇല്ലായ്മകളെ ഓർത്ത് പരിഭവപ്പെടാതെ ഉള്ളതിനെയോർത്ത് ദൈവത്തിന് നന്ദിപറയാം...**
- **ദൈവത്തിന് കൃതജ്ഞതാബലിയർപ്പിക്കുന്നവരെ ദൈവം അനുഗ്രഹിക്കുന്നു.**
- **കടപ്പാടുകൾ നിറഞ്ഞതാണ് എല്ലാവരുടെയും ജീവിതം.**

**ഫാ. ജോസഫ് കോയിക്കൽ**